തൊഴിലില്ലായ്മ.

* 1331. [12] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന പ്രാധ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചി മലബാർ പ്രദേശങ്ങളിൽ ഒന്നാം പഞ്ചവത്സര പദ്ധതിക്കു് മുമ്പുണ്ടായിരുന്ന തൊഴിലില്ലാത്തവരുടെ എത്ര ശതമാനം ഒന്നാം പഞ്ചവത്സരപദ്ധതികൊണ്ടും, രണ്ടാംപഞ്ചവത്സരപദ്ധതിയുടെ മൂന്നു കൊല്ലക്കാലപ്രവർത്തനം കൊണ്ടും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു്) : ഇതിനെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകളും മുഴുവൻ ലഭ്യമല്ല.

സെറാമിക്കു് ഫാക്ടറികൾ.

* 1332. [13] ശ്രീ. ആർ. ഗോവിന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നു കേരളത്തിൽ എത്ര സെറാമിക്കു് ഫാക്ടറികൾ ഉണ്ടു് ;

(ബി) ഇതിൽ ഏതെങ്കിലും പ്രവർത്തനരഹിതമായി കിടപ്പുണ്ടോ, ഉണ്ടെങ്കിൽ ഏതു് ;

(സി) ഈ ഫാക്ടറികളിൽ എല്ലാം കൂടി ഉൽപ്പാദിപ്പിക്കുന്ന പോർസ്ലൈൻ സാധനങ്ങൾ ഇൻഡ്യയ്ക്കു് ആവശ്യമുള്ള സാധനങ്ങളുടെ എത്ര ശതമാനം വരുമെന്നു് കണക്കെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം ;

(ഡി) നമ്മുടെ സംസ്ഥാനത്തിൽ ഇനിയും കൂടുതൽ സെറാമിക്കു് ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള ആലോചനകൾ ഉണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) കേരളത്തിൽ ആകെ ഏഴു സെറാമിക്കു് ഫാക്ടറികളുണ്ടു്. അവ താഴെ പറയുന്നവയാണു് :—

(1) കേരളഗവണ്മെൻറു് സെറാമിക്കു്സു്, കുണ്ടറ.
(2) ഗവണ്മെൻറു് സെറാമിക്കു് കൺസേൺസു്, കുണ്ടറ.
(3) ട്രാവൻകൂർ പാട്ടറീസു്, ഇത്തിക്കര
(4) മെസേഴ്സു് തോമസു് സ്റ്റീഫൻ കമ്പനി ലിമിറ്റഡു്, കൊല്ലം.
(5) സ്റ്റാൻഡേഡു് പാട്ടറീസു്, ആലുവാ.
(6) കൊച്ചിൻ പാട്ടറീസു്, ചാലക്കുടി.
(7) ന്യൂ ഇൻഡ്യാ സെറാമിക്കുസു്, പറൂർ.

(ബി) ഗവണ്മെൻറിനു് അറിവില്ല.

(സി) കണക്കെടുത്തിട്ടില്ല.

(ഡി) ഉണ്ടു്, കണ്ണൂർ ഡിസ്ട്രിക്ടിൽ മങ്ങാട്ടുപറമ്പു് സെറാമിക്കു് സർവ്വീസു് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീമതി ലീലാദാമോദരമേനോൻ : ഇതിൽ എത്ര ഫാക്ടറികളാണു് ഗവണ്മെൻറു നടത്തുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ പി ഗോപാ ൻ : ഗവണ്മെൻറ നടത്തുന്നതു് രണ്ടു് ഫാക്ടറികളാണു്.

ശ്രീമതി ലീലാദാമോദരമേനോൻ : ഈ ഫാക്ടറികളിൽ ഏതിനെങ്കിലും ഗവണ്മെൻറ സഹായധനം നൽകുന്നുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : നോട്ടീസ് വേണം. ചില ഫാക്ടറികൾക്കു് കൊടുത്തിട്ടുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്.

ശ്രീ. ടി. ഒ. ബാവാ : കണ്ണൂർ ഡിസ്ട്രിക്ടിൽ ഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നാണു് ?

ശ്രീ. കെ. പി. ഗോപാലൻ : ആ ഫാക്ടറി സ്റ്റോറു റിഅർഗനൈസേഷനു മുമ്പു മദ്രാസ് ഗവണ്മെൻറ തീരുമാനിക്കുകയും അതിനുവേണ്ടി ശരിയായ അടിസ്ഥാനത്തിൽ ഒരുദ്യോഗസ്ഥനെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ ഗവണ്മെൻറ വന്നതിനുശേഷം ആ സ്കീം കണ്ണൂരിൽനിന്നും വളരെ ദൂരെയുള്ള മങ്ങാട്ടുപറമ്പിലേക്കു് മാറ്റാൻ തീരുമാനിക്കുകയും അതിനുമാനത്തിൻറെ അടിസ്ഥാനത്തിൽ കെട്ടിടം പണിയാൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പൊന്നറ ശ്രീധർ : ഗവണ്മെൻറിനു രണ്ടു ഫാക്ടറികളും ഏതെല്ലാമാണു് ?

ശ്രീ. കെ. പി. ഗോപാലൻ : ന്യൂ കേരളാ സെറാമിക്സ്, കണ്ണൂർ, ഓവർസീസ് കണ്ണൂർ സെറാമിക്സ് ഫാക്ടറി.

ശ്രീ. പൊന്നറ ശ്രീധർ : അപ്പോൾ കണ്ണൂരുള്ള രണ്ടു സെറാമിക്സ് ഫാക്ടറികളും ഗവണ്മെൻറിനു വേണ്ടിയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : അതേ.

ശ്രീ. പൊന്നറ ശ്രീധർ : അതു രണ്ടും ക്ലോസു ചെയ്യുന്നതിനു് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ആലോചിച്ചിട്ടില്ല. കാരണം രണ്ടു സ്കീമും അനുസരിച്ചുള്ള പ്രൊഡക്ഷനാണു് ഇന്നു നടത്തിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. കെ. ഹസ്സൻ ഖനി : ഗവണ്മെൻറ് സഹായധനം കൊടുക്കുന്ന ഫാക്ടറികളും പൂട്ടിയിട്ടാൽ ഗവണ്മെൻറ് അറിയുകയില്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : തൽക്കാലം ഗവണ്മെൻറ അതിനെക്കുറിച്ചു നോക്കിച്ചിട്ടില്ല.

ശ്രീ. ടി. ഒ. ബാവാ : മങ്ങാട്ടുപറമ്പിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ച ഫാക്ടറിക്കു് വേണ്ടി വാങ്ങിയ മെഷീനറി സാധനങ്ങളും നിരുപയോഗമായിപ്പോകുന്നു എന്നു് ഒരു ആക്ഷേപം ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : നോട്ടീസ് വേണം.

ശ്രീ. എം. നാരായണക്കുറുപ്പു് : മദ്രാസ് ഗവണ്മെൻറ് നിശ്ചയിച്ച സ്ഥലത്തുനിന്നു് ഇതു വേറൊരു സ്ഥലത്തക്കു് മാറ്റി സ്ഥാപിക്കാനുള്ള സാഹചര്യങ്ങളും എന്തൊക്കെയാണു് ?

ശ്രീ. കെ. പി. ഗോപാലൻ: മദ്രാസ് ഗവണ്മെൻറ നിശ്ചയിച്ചിരുന്നതു് കണ്ണൂർ ടൗണിൽതന്നെ തുടങ്ങണമെന്നായിരുന്നു. എന്നാൽ അതിനു വേണ്ട ചൈനാക്ലേ കിട്ടുന്നതിനു് അവിടെ സാധ്യമല്ലാത്തതുകൊണ്ടു് അതു വളരെ അധികം ഉൽപ്പാദിപ്പിക്കുന്ന ഒരു സ്ഥലം ആയിരിക്കണമെന്നുള്ളതുകൊണ്ടും അതേ അവസരത്തിൽ ഈ ചൈനാക്ലേ എടുക്കുന്ന പോർട്ടിനു് ഡാരാളമുള്ള സ്ഥലവുമായിരിക്കണം. ഈ രണ്ടു പരിഗണനകളും വച്ചിട്ടാണു് മങ്ങാട്ടുപറമ്പിലേക്കു് മാറ്റിയതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മങ്ങാട്ടുപറമ്പിൽ ചൈനാക്ലേ എവിടെ നിന്നാണു കിട്ടുക ?

ശ്രീ. കെ. പി ഗോപാലൻ: അവിടെ കുണ്ണുപറമ്പു് എന്നൊരു സ്ഥലമുണ്ടു്. അവിടെ ചൈനാക്ലേ എടുക്കാൻ സാധ്യതയുള്ള സ്ഥലമാണു്. അതു മിസ്റ്റർ കുഞ്ഞിരാമൻ നമ്പ്യാർക്കും അറിവുള്ളതാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മങ്ങാട്ടുപറമ്പിൽ നിന്നും അവിടത്തേക്കു് എത്ര നാഴിക ദൂരമുണ്ടെന്നു മന്ത്രിക്കു് പറയാൻ സാധിക്കുമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഒന്നോ രണ്ടോ നാഴികയുണ്ടായിരിക്കും.

ശ്രീ. ജോസഫ് ചാഴിക്കാടൻ : സർ, ഈ സെറാമിക്കു് ഫാക്ടറി നടത്തുന്നതിനു് ഉള്ള യന്ത്രങ്ങളും, അയിരക്കണക്കിനോ, ലക്ഷക്കണക്കിനോ എത്തുകയ്യോ മെഷീനറിസു് വരുത്തിയിട്ടുണ്ടു്. ആ മെഷീൻസു് വരുത്തിയിട്ടു എത്ര കൊല്ലമായി. നിശ്ചയമില്ലാ എന്നു മന്ത്രി മറുപടി പറയുന്നതിനു പകരം എട്ടുകൊല്ലമെന്നോ, പത്തു കൊല്ലമെന്നോ ഒന്നു എത്ര കൊല്ലമായി എന്നു പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : എത്ര കൊല്ലമായി എന്നു തിട്ടമായി പറയാൻ നിവൃത്തിയില്ല. ഗവണ്മെൻറു മെഷീനറിക്കും ബിൽഡിംഗിനുമായി 3.8 ലക്ഷം രൂപായാണു് നീക്കിവച്ചിട്ടുള്ളതു്. ഏതു സമയത്തു മെഷീനറി വാങ്ങി എന്നു തിട്ടമായി പറയുന്നതിനു പ്രത്യേകം നോട്ടീസു് തന്നാൽ പറയാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : പത്തുകൊല്ലത്തിലധികം കാലമായോ ?

ശ്രീ. കെ. പി. ഗോപാലൻ : പത്തുകൊല്ലത്തിലധികമായിട്ടില്ല. കുറെ കാലമായി. അതു തിട്ടമായി പറയാൻ നിവൃത്തിയില്ല. അന്വേഷിച്ചാൽ മാത്രമേ വ്യക്തമായിട്ടു പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. സി. ഏബ്രഹാം : ഈ ഫാക്ടറികളിൽ ഉൽപ്പാദിപ്പിച്ച സാധനങ്ങളും അവിടെത്തന്നെ കെട്ടിക്കിടക്കുകയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു ശരിയല്ല. മുമ്പു് അങ്ങനെ കെട്ടിക്കിടന്നിരുന്നു. ഈ അടുത്ത കാലത്തു് ഏകദേശം രണ്ടര ലക്ഷത്തോളം രൂപയുടെ സാധനങ്ങളും ഓൾഡുസെറാമിക്കുസിൽ സ്റ്റാക്കുണ്ടായിരുന്നവ വിറ്റഴിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളും വളരെയധികം ചെലവായിവരികയാണു്.

ശ്രീ. കെ. ആർ. നാരായണൻ : ഗവണ്മെൻറു് ഇവിടെനിന്നും എത്രടൺ ചൈനാക്ലേ കയറ്റി അയക്കുന്നുണ്ടെന്നു പറയാമോ ?

ശ്രീ. കെ. പി ഗോപാലൻ : അതിപ്പോളും പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. നാരായണൻ : ഇവിടെനിന്നും ലഭിക്കുന്ന ചൈനാക്ലേ ഇവിടെ ഉപയോഗിക്കുകയാണോ, പുറത്തയയ്ക്കുകയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : പുറത്തേയ്ക്കും അയയ്ക്കുന്നുണ്ടു്.

ശ്രീ കെ. ആർ. നാരായണൻ : ഈ ഗവണ്മെൻറു് വന്നതിനുശേഷം മുൻകാലങ്ങളിൽ അയച്ചിരുന്നതിനേക്കാളും ശതമാനം കൂടിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ . ശതമാനം കൂടിയിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പ്രത്യേകം ചോദ്യം ചോദിക്കുകയാണെങ്കിൽ വിശദവിവരങ്ങളും അറിയിക്കാം.

ശ്രീ. കെ. ആർ. നാരായണൻ : പുറത്തേയ്ക്കയക്കുന്നതു കൊണ്ടു് തൊഴിലാളികൾക്കു് അസൗകര്യം ഉണ്ടെന്നറിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ഏബ്രഹാം : ഈ ഫാക്ടറികൾ ഇതുവരെ ലാഭത്തിലോ, നഷ്ടത്തിലോ നടത്തിയിരുന്നത് ?

ശ്രീ. കെ. പി. ഗോപാലൻ: ഇതുവരെ ലാഭത്തിലല്ല നടത്തിയിരുന്നത് എന്നു ഈ സഭയിൽത്തന്നെ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ കൂടുതൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. പോഴ്സലൈൻ പൈപ്പ്സ്, ഇൻസുലേറേഴ്സ് ഇവ ഉണ്ടാക്കുന്നതായിട്ടുള്ള നടപടികൾ അവിടുത്തുകാർ പ്രവർത്തനം മുമ്പോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ടെൻഡർ വിളിക്കാതെ നൽകിയ കോൺട്രാക്ടുകൾ.

* 1333. [14] ശ്രീ. പി. രാമ്മൂരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1950-മേയ് മാസം 11-ാം നു ഉണ്ടാക്കിയ ഒരു കരാറനുസരിച്ച് ശവണ്ണൻറെ പുനലൂർ പ്ലൈവുഡ് ഫാക്ടറികളിലെ ഉൽപ്പാദന സാധനങ്ങളുടെ വിതരണാവകാശം കുത്തകയായി നൽകപ്പെട്ടിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ അതിനാണ് അതു കുത്തക നൽകിയത് ;

(സി) ടെൻഡർ വിളിച്ചാണോ വിതരണാവകാശം നൽകപ്പെട്ടത് ;

(ഡി) കരാറിലെ വ്യവസ്ഥകൾ എന്തായിരുന്നു;

(ഇ) ഏജൻസിയുടെ കാലാവധി വർദ്ധിപ്പിക്കാനോ പര്യവസാനിപ്പിക്കാനോ ശവണ്ണൻറിന് കരാറനുസരിച്ച് അവകാശമുണ്ടായിരുന്നോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഉണ്ടായി. എന്നാൽ പിന്നീട് കരാറു തുടങ്ങാനുള്ള ദിവസം 1-11-1950-ലേക്ക് മാറ്റി.

(ബി) ജി. എൻ. കിളിക്കർ, കൊച്ചി, മട്ടാഞ്ചേരി.

(സി) അല്ല.

(ഡി) ഏജൻറിന് ആണ്ടൊന്നിന് അഞ്ചു ലക്ഷം രൂപാവരെയുള്ള വില്പനയ്ക്ക് അഞ്ചു ശതമാനവും അതിനുശേഷം ഏഴര ശതമാനവും നൽകാം. അഞ്ചു ലക്ഷത്തിൽ കുറവായാൽ ഓരോ ലക്ഷം കുറവിനും രണ്ടായിരം രൂപാ പിഴ ഏജൻറ് കൊടുക്കണമെന്നുള്ള വ്യവസ്ഥയിലാണ് ഏജൻസി കൊടുത്തിരിക്കുന്നത്.

(ഇ) ഏജൻസി നീട്ടുന്നതിനോ, ഏജൻസി പര്യവസാനിപ്പിക്കുന്നതിനോ ശവണ്ണൻറിനു അവകാശമുണ്ടായിരിക്കുന്നതല്ല.

ശ്രീ. പി. രാമ്മൂരൻ നായർ : അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്ലൈവുഡ് മുഴുവൻ വിറ്റഴിക്കാൻ സാധിച്ചിരുന്നോ ?

ശ്രീ കെ. പി. ഗോപാലൻ: 1950-ലാണ് ഈ കാര്യം നടന്നിട്ടുള്ളത്, ഇപ്പോൾ ശരിക്ക് വിറ്റഴിച്ചുവരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ ഏജൻസി തുടരുന്നുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly